LIBRARY ARCHIVES Kerala Legislative Assembly

വിനീത ആർ. കോട്ടായി എന്ന സ്ത്രീക്കെതിരെ ഉപരോധമേർപ്പെടുത്തിയ സംഭവം

159 [801] ശ്രീ. പി. ടി. തോമസ്:

" എം. കെ. പോൾസൺ മാസ്റ്റർ:

" എഴുകോൺ നാരായണൻ:

" എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയമായ ലക്ഷ്യങ്ങളോടുകൂടി വ്യക്തികളെയും കുടുംബങ്ങളെയും ഉപരോധിക്കുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി മലനിരകൾക്ക് സമീപം പാതിരിപ്പറ്റ വിനിതാ ഭവനിലെ വിനീത ആർ. കോട്ടായി എന്ന വിധവയെ എത്ര കാലമായി ഉപരോധവിധേയമാക്കിവരുന്നു;

(സി) എങ്കിൽ ആരാണ് അവരുടെമേൽ ഉപരോധം ഏർപ്പെടുത്തിയിട്ടുള്ളത് എന്നും അതിന് കാരണമെന്താണെന്നും അറിയിക്കുമോ;

(ഡി) ഏതെല്ലാം വിധത്തിലാണ് ഉപരോധം നടത്തുന്നത്;

(ഇ) വിനീത ആർ. കോട്ടായിയിൽ നിന്ന് നീതിക്കായി അപേക്ഷിച്ചുകൊണ്ടുള്ള നിവേദനങ്ങൾ ആർക്കെല്ലാം ലഭിച്ചു; പ്രസ്തുത നിവേദനങ്ങളിൽമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.കെ.റ്റി.യു. എന്ന സംഘടന ഉപരോധം ഏർപ്പെടുത്തിയതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 10 വർഷത്തോളമായി.

(സി) കെ.എസ്.കെ.റ്റി.യു. എന്ന സംഘടനയാണ് ഉപരോധം ഏർപ്പെടുത്തിയിട്ടുള്ളത്. ടി സംഘടനയിൽപ്പെട്ട ഇ. സി. ബാലൻ എന്ന ആൾക്കും കുടുംബത്തിനും വിനീത ആർ. കോട്ടായി തൊഴിൽ നിഷേധിച്ചതിനാലാണ് ഉപരോധം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) തെങ്ങുകയറാതെയും കാർഷിക പ്രവൃത്തികൾ ചെയ്യാൻ പോകാതെയുമാണ് ഉപരോധം നടത്തുന്നത്.

(ഇ) പരാതി ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് സമർപ്പിച്ച പരാതി പോലീസ് ഡയറക്ടർ ജനറലിന് അയച്ചുകിട്ടിയിട്ടുണ്ട്. ഇതിന്മേലുള്ള റിപ്പോർട്ട് പരിശോധനാവസ്ഥയിലാണ്. പരാതികളിന്മേൽ കുറ്റ്യാടി പോലീസ് സ്ഥലത്ത് പോയി അന്വേഷണം നടത്തുകയും ടി പരാതി തൊഴിൽ തർക്കത്തെ സംബന്ധിച്ചുള്ളതായതിനാൽ ലേബർ കോടതി മുഖാന്തിരം പരിഹാരം നേടാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. വിനീത കോട്ടായിയുടെ മകനെ ദേഹോപദ്രവം ഏൽപ്പിച്ചതിന് കുറ്റ്യാടി പോലീസ് ക്രൈം 41/04 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കോടതിയിൽ ചാർജ് സമർപ്പിച്ചിട്ടുള്ളതുമാണ്.

കാർഷിക മേഖലയുടെ പുനരുദ്ധാരണം

160 [806] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയുടെ പുനരുദ്ധാരണത്തിന് മുൻഗണന നൽകി ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കാർഷിക കടാശ്വാസത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് 2004-2005 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) 28-2-2002-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി.) 30/2002 ആർ.ഡി. അനുസരിച്ച് കേരള കാർഷിക കടക്കാർക്ക് താൽക്കാലിക ആശ്വാസ ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഇതനുസരിച്ച് സർക്കാരിലേക്ക് വീട്ടേണ്ട കടം, സഹകരണ സംഘത്തിലേക്ക് വീട്ടേണ്ട കടം എന്നിവ ഗഡുക്കളായി വീട്ടുന്നതിന് വ്യവസ്ഥ ചെയ്തു. ഇതുപ്രകാരം കാർഷിക കടാശ്വാസം നൽകുന്നതിനായി 2004-2005-ലെ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2004-2005-ൽ കർഷകർക്ക് കാർഷിക കടാശ്വാസം നൽകുന്നതിനായി ഒരു സ്കീം 19-6-2004-ലെ ജി.ഒ. (എംഎസ്.) 194/04 റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവു പ്രകാരം കാർഷിക കടങ്ങൾക്ക് മാത്രം 23-1-2004 മുതൽ 1 വർഷത്തേക്ക് മോറട്ടോറിയം നൽകുന്നതായിരിക്കും. മോറട്ടോറിയം കാലാവധിയിൽ പലിശയ്ക്കും പിഴപ്പലിശയ്ക്കും ഇളവനുദിക്കുന്നതാണ്. മോറട്ടോറിയം കാലാവധിയിൽ പലിശയും പിഴപ്പലിശയും നൽകുന്നതിൽ വരുന്ന നഷ്ടം സർക്കാർ റീ ഇംപേഴ്സ് ചെയ്യുന്നതാണ്. കാർഷിക വായ്പക്കുള്ള

† അനുബന്ധം XVI കാണുക.

LIBRARY ARCHIVES Kerala Legislative Assembly